"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല- വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലർക്ക് - ശ്രീ.ബിജു പി ബി-യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.77/2026/LSGD തീയതി,തിരുവനന്തപുരം, 10-01-2026

---

പരാമർശം:-

1. 25.07.2018 ലെ റൂൾസ് 1/235/18 നമ്പർ സർക്കുലർ
2. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.09.2015ലെ ഇ2-7646/2014 നമ്പർ നടപടിക്രമങ്ങൾ
3. തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 03.05.2025ലെ LSGD/JD/TSR/546/2023-A6 നമ്പർ നടപടിക്രമങ്ങൾ
4. തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 11.07..2025ലെ LSGD/JD/TSR/4308/2025-A7 നമ്പർ നടപടിക്രമങ്ങൾ
5. തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 13.01.2025 ലെ LSGD/JD/TSR/9344/2024-A7 നമ്പർ നടപടിക്രമങ്ങൾ
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.10.2025ലെ - LSGD/PD/29098/2025-DEC4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.ബിജു പി ബി-യുടെ പ്രൊബേഷൻ കാലയളവ് 16.09.2018 മുതൽ 16.04.2024 വരെ ദീർഘിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2. ശ്രീ. ബിജു പി ബി -ക്ക് മുൻ പഞ്ചായത്ത് വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും തസ്തിക മാറ്റം മുഖേന ക്ലാർക്ക് തസ്തികയിൽ പരാമർശം (2) പ്രകാരം നിയമനം നൽകിയിട്ടുള്ളതും ടിയാൻ 16/09/2015 പൂർവാഹ്നം സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. ശ്രീ. ബിജു പി ബി -യുടെ ക്ലാർക്ക് തസ്തികയിലെ സേവനം 16/09/2015 തീയതി പ്രാബല്യത്തിൽ പരാമർശം (3) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ട്. ശ്രീ. ബിജു പി ബി -യുടെ പേരിൽ വിജിലൻസ് കേസുകളോ മറ്റ് വകുപ്പ് തല അച്ചടക്ക നടപടികളോ ഇല്ലായെന്നും സേവനം തൃപ്തികരമാണെന്നും ടിയാൻ

നിരീക്ഷണകാലത്തെ ബാധിക്കുന്ന അവധികൾ ഒന്നും തന്നെ എടുത്തിട്ടില്ലെന്നും വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് ശ്രീ. ബിജു പിബി -യുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി ടെസ്റ്റ് യഥാസമയം വിജയിക്കാത്തതിനാൽ ടിയാന്റെ നിരീക്ഷണ കാലയളവ് 16/09/2017 മുതൽ 15/09/2018 വരെ പരാമർശം (4) പ്രകാരം ഒരു വർഷം ദീർഘിപ്പിച്ചിട്ടുണ്ട്. ടിയാന് 14/04/2024 തീയതിയിൽ 50 വയസ് പൂർത്തിയായതിനാൽ വകുപ്പ് തല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്ന് പരാമർശം (5) പ്രകാരം സ്ഥിരമായി ഇളവ് നൽകിയിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.ബിജു പി ബി-യുടെ പ്രൊബേഷൻ 15.04.2024 ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുന്ന വിധം KS&SSR Part II ചട്ടം 13 (B) Proviso 4 , പരാമർശം (1) സർക്കുലർ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി 16.09.2018 മുതൽ 16.04.2024 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജില്ലാ ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , തൃശ്ശൂർ (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ. ബിജു പി ബി ക്ലർക്ക് , വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.291/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 12-01-2026 12:38:17